# രണ്ട് ചിത്രണങ്ങൾ

**എസ്.ജോസഫ്**
അസി. പ്രൊഫസർ, മഹാരാജാസ് കോളേജ്, എറണാകുളം



*വാൻഗോഗ്-വിതക്കാരൻ (TheSower)*

Date: 1888; Arles,Bouches-du-Rhône,France
Style: Post-Impressionism
Genre: genre painting
Media: oil,canvas
Dimensions: 204.5 x 162.5 cm

"Did Pissarro say anything about the 'Sower'? Afterwards,when I have gone further in these experiments,the 'Sower' will still be the first attempt in that style". –From "The letters of Vincent Vangogh"

"വയലിന്റെ വർണശബളിമ മനസ്സിൽ കിടന്ന് ഓളം വെട്ടിയപ്പോൾ ചിത്രകാരന്റെ ബഷ്യകൊണ്ടൊരു കവിത എഴുതണമെന്നുതോന്നി"
–ഇടശ്ശേരി

ഇടശ്ശേരിയുടെ വയലിന്റെ ചിത്രകാരൻ എന്ന കവിത ചിത്രണചാതുര്യത്താൽ ശ്രദ്ധേയമാണ്. നിറങ്ങളെ കുറിക്കുന്ന വാക്കുകൾ ധാരാളമായി കവിതയിലുണ്ട്. കൃഷിയേയും കർഷകത്തൊഴിലാളിയേയും കവി പുകഴ്ത്തുന്നു. പ്രകൃതിപശ്ചാത്തലത്തിന്റെ വർണന കഴിഞ്ഞ് കർഷകത്തൊഴിലാളിയെയാണ് കവി വർണ്ണിക്കുന്നത്. അയാൾ ഒരു ജൈവമനുഷ്യനാണ്.

ഈ കവിത കർഷകജീവിതത്തെ ചിത്രമാക്കിയ വിൻസെന്റ് വാൻ ഗോഗിന്റെ Vincent Vangogh (1853-1890) വിതക്കാരൻ (Thesower) എന്ന ചിത്രവുമായി പല കാര്യങ്ങളിലും അടുപ്പം പങ്കിടുന്നുണ്ട്. രണ്ട് കൃതികളിലും പൊതുവായിട്ടുള്ളത് എന്തൊക്കെയാണ്? അന്വേഷണം



Artist
Jean-François Millet
(1814–1875)
Title: The Sower
Date: 1850
Medium: oil on canvas
Current location:
Museum of Fine Arts,
Boston

*മില്ലെ-വിതക്കാരൻ (Thesower)*

കവിതയെയും ചിത്രകലയെയും ചേർത്തുവച്ച് പഠിക്കാൻ ഇത്തിരിയെ ങ്കിലും സഹായിക്കുമോ ?

പോസ്റ്റ് ഇംപ്രഷണിസ്റ്റ് (Post-Impressionist) കാലഘട്ടത്തിലെ പ്രധാനചിത്രകാരനാണ് ഡച്ചുകാരനായ വിൻസെന്റ് വാൻഗോഗ്. സ്വയം ചിത്രകല പഠിച്ച ചിത്രകാരനാണദ്ദേഹം. “To be simply honest” എന്ന എത്രയും ലളിതമായ. എന്നാൽ പ്രയാസമേറിയ വാക്കുകൾ അദ്ദേഹത്തെ വിശദീകരിക്കുന്നു എന്ന് ഹെർബെർട്ട് റീഡ് .

അദ്ദേഹത്തിന്റെ ഈ ചിത്രം റിയലിസ്റ്റിക് കാലഘട്ടത്തിലെ ചിത്രകാരനായ മില്ലെയുടെ (Jean Francois Mlillet 1814-1875) ഇതേ പേരിലുള്ള ചിത്രത്തെ പുനർചിത്രീകരിക്കുന്നു. 1888-ലെ വേനലിലാണ് ഈ ചിത്രം വാൻഗോഗ് വരയ്ക്കുന്നത്. കുറെയേറെ ചിത്രങ്ങൾ ഈ വിഷയത്തെ അടിസ്ഥാനമാക്കി മില്ലെയും വാൻഗോഗും വരച്ചിട്ടുണ്ട് അതിൽ വാൻഗോഗ് വരച്ച ഏറെപ്രസിദ്ധമായ ഒരെണ്ണം മാത്രമാണ് ഇവിടെ പരാമർശിക്കുന്നത്.

റിയലിസ്റ്റിക്ക് അംശം നിലനിൽക്കുമ്പോഴും എക്സ്പ്രഷണിസ്റ്റ് ചിത്രം എന്ന നിലയിലാണ് ഈ ചിത്രം നിലകൊള്ളുന്നത്.ആന്തരികയാഥാർഥ്യങ്ങളെ (Inner reality) ബാഹ്യവത്കരിക്കുകയാണ് എക്സ്പ്രഷനിസം ചെയ്യുന്നത്. നിറങ്ങളുടെ ശക്തമായ പ്രയോഗമാണ് ഈ ചിത്രത്തിലുള്ളത്. നിറങ്ങളുടെ ആഴവും പ്രതീകമൂല്യവുംകൊണ്ട് ഇത് മില്ലെയുടെ ചിത്രത്തിൽനിന്ന് ഏറെ വേറിട്ടാണ്. വാൻഗോഗിന്റെ ചിത്രത്തിൽ സൂര്യൻ പ്രത്യക്ഷമാണ്. സായാഹ്നസൂര്യനാണത്. അതുപോലെ വിളഞ്ഞുനിൽക്കുന്ന ഗോതമ്പുമുണ്ട്. രണ്ടും ജീവിതത്തേയും മരണത്തെയും സൂചിപ്പിക്കുന്നുണ്ട്. സൂര്യൻ നാളെയും ഉദിച്ചുയരും. വിളഞ്ഞുകൊയ്യാൻ പാകത്തിൽ നിൽക്കുന്ന ഗോതമ്പിനുപകരം വാൻഗോഗിന്റെ കർഷകൻ വിതയ്ക്കുകയും ചെയ്യുന്നു.സൂര്യൻ ആത്മീയസാന്നിധ്യം കൂടിയാണ്. ദൈവചിഹ്നമാണ് സൂര്യൻ. ഈ ചിത്രത്തിൽ മാത്രമല്ല പലചിത്രങ്ങളിലും പാടം വരുന്നുണ്ട്. ജീവിതം, മരണം, ആത്മീയത ഇതൊക്കെ ഈ ചിത്രകാരന്റെ പ്രധാനപ്രമേയങ്ങളാണ്.

ആർലസ് എന്ന സ്ഥലത്തുവച്ചാണ് ഈചിത്രം വാൻഗോഗ് വരയ്ക്കുന്നത്. ഗോതമ്പിനെ പുതിയ ജീവിതത്തിന്റെ ഇമേജായി വാൻഗോഗ് ഉപയോഗിക്കുന്നു. ബൈബിളിന്റെ ശക്തമായ സ്വാധീനം ഈ ചിത്രത്തിലുണ്ട്. വിതക്കാരന്റെ ഉപമ വാൻഗോഗിനെ സ്വാധീനിച്ചിട്ടുണ്ട്. ക്രിസ്ത്യൻ സുവിശേഷകനായി അദ്ദേഹം കുറേക്കാലം പ്രവർത്തിച്ചിരുന്നല്ലോ. അവരുമായി തെറ്റിപ്പിരിഞ്ഞത് വേറെ കഥ. ഇഹലോകത്തിൽ

വിതച്ചത് നാം മറ്റൊരിടത്ത് കൊയ്യുന്നു. ഭൗതികതയ്ക്കപ്പുറത്തുള്ള ആത്മീയതയിൽ ആ വിത്തുകൾ കിളിർത്ത് കൊയ്യാൻ പാകമാകുന്നു. വിതച്ച വിത്തുകൾ പലതും പാറപ്പുറത്തോ മുള്ളുകൾക്കിടയിലോ വീണുപാഴായി.കുറെ പക്ഷികൾ കൊത്തിത്തിന്നു. ചിത്രത്തിലെ പാടത്തും പക്ഷികൾ ഉണ്ട്. മതാത്മകമായ പ്രതീകാത്മകതയാണ് ചിത്രത്തിലുള്ളത്. ഇതെല്ലാം നിരീക്ഷിക്കപ്പെട്ടിട്ടുള്ളതാണ്.

ചിത്രകലയിൽ അടിസ്ഥാനപരമായ ധാരണാവ്യത്യാസം (Conceptual change) ഇംപ്രഷനിസത്തോടുകൂടി സംഭവിച്ചു. വര (Line) യാണ് ചിത്രത്തിന്റെ അടിസ്ഥാനമെന്നത്, നിറമാണ് എന്നതിലേക്കു മാറി. ചിത്രകാരൻ വരയ്ക്കുന്നത് നിറമുള്ള വസ്തുവിനെയാണ്. നിറമാണ് അടിസ്ഥാനം എങ്കിലും വര മാഞ്ഞുപോയില്ല. അതിനാലാണ് ചിത്രകലയുടെ അടിസ്ഥാനം പ്രേഡായിങ്ങ് ആണ് എന്ന് ജോൺ ബെർജർ 'പെർമെനന്റ് റെഡി'ൽ എഴുതിയത്.

ഇംപ്രഷണിസം സൃഷ്ടിച്ച ഈ വ്യതിയാനം പിൽക്കാലചിത്രകലയിൽ പല പുതുസങ്കല്പങ്ങൾക്കും കാരണമായി. അതിനാൽ ചിത്രകലയു




Date: 1888; Arles, Bouches-du-Rhône, France
Style: Post-Impressionism
Genre: genre painting
Media: oil, canvas
Dimensions: 92 x 73.5 cm
Location: Bührle Foundation, Zürich, Switzerland

*വാൻഗോഗിന്റെ ചിത്രം*

ടെ ചരിത്രത്തെ ഇംപ്രഷനിസത്തിനുമുൻപും പിൻപും എന്ന് തിരിക്കാറുണ്ട്. ഈ പശ്ചാത്തലത്തിലാണ് വാൻഗോഗ് ചിത്രകലയിലേക്ക് വരുന്നത്. പരിചിതമായ ചിത്രകലാസങ്കല്പങ്ങളെ മാറ്റിമറിച്ച വാൻഗോഗ് ഗോഗിനെപ്പോലെ, സെസാനെപ്പോലെ പുതിയ ഒരു രചനാരീതിയാണ് കണ്ടെത്തിയത്. വിഷയത്തിന്റെ ദൃഢതയും വൈകാരികതയും വാൻഗോഗിൽ കൂടുതലാണ്. മുൻ സൂചിപ്പിച്ച ലളിതമായ സത്യസന്ധതയും.

നിറത്തെ സംബന്ധിച്ചുള്ള ശ്രദ്ധേയമായ ഒരു കാര്യം വസ്തുക്കൾക്ക് സ്വാഭാവികമായി നൽകപ്പെടുന്ന നിറങ്ങളും ചിത്രകാരന്റെ

ഇഷ്ടമനുസരിച്ച് നൽകുന്ന നിറങ്ങളുമുണ്ട് എന്നതാണ്. നിറങ്ങൾ പ്രതീകാത്മകമാകാം ഭാവനാപരമാവാം, ഒരു മാനസികാവസ്ഥയെ സംബന്ധിച്ചുള്ളതാവാം. നിറം ഉപയോഗിക്കുന്ന രീതിയെ Natural, heraldic, harmonic, pure എന്നിങ്ങനെ ഹെർബെർട്ട് റീഡ് വിളിക്കുന്നുണ്ട്. (ആദ്യത്തെ രീതി കോൺസ്റ്റബിളിലും മറ്റും കാണാം. ചിത്രകലയുടെ ചരിത്രത്തിൽ അതിവിരളമായ പ്രയോഗരീതിയാണിത്. ഹെറാൽഡിക് ശൈലി ഏറെ പ്രാചീനമാണ്. ശിലാചിത്രങ്ങളിൽ ഇതാണ്. ഇതിന് പ്രതീകസ്വഭാവമാണുള്ളത്. കുട്ടികൾ വരയ്ക്കുന്ന പടങ്ങളിൽ ഈ രിതി കാണാം. ഹാർമോണിക് രിതി ടോൺമൂല്യം പരിഗണിക്കുന്നതാണ്. നിഴലും വെളിച്ചവും കണ്ടെത്തിയതോടെ വന്ന മാറ്റമാണിത്. പ്യൂവർ എന്ന രീതി നിറം രൂപത്തെ വിനിമയംചെയ്യുന്നു എന്ന സങ്കല്പനയിൽ സെസാനിലും മറ്റും കാണുന്നതാണ്). വാൻഗോഗിൽ ഈ രീതികളെല്ലാം ഉണ്ട് എന്നാണ് അനുഭവം.



Date: 1888; Arles, Bouches-du-Rhône, France
Style: Post-Impressionism
Genre: genre painting
Media: oil, canvas
Dimensions: 91.5 x 72 cm
Location: Private Collection

*വാൻഗോഗിന്റെ ചിത്രം*

വിതക്കാരൻ എന്ന പേരിലുള്ള ഒരു ചിത്രത്തിൽ വാൻഗോഗ് ആകാശത്തിന് പച്ച നിറമാണ് നൽകുന്നത്. സൂര്യനുചുറ്റും ഇരുണ്ട ഒരു വൃത്തവും വരയ്ക്കുന്നുണ്ട്. സാമ്പ്രദായികയുക്തിയല്ല ഇവിടെ പ്രവർത്തിക്കുന്നത്. കാർഷിക ജീവിതത്തിന്റെ അങ്കനമാണ് വിതക്കാരൻ എന്ന് പറഞ്ഞല്ലോ.സൂര്യനും വിതക്കാരനും പാടവും അതിൽ കാണാം. കട്ടിത്തേപ്പുകളാണ് വാൻഗോഗ് ഉപയോഗിക്കുന്നത്. സൂര്യൻ പ്രകൃതിയിലെ അധ്വാനത്തിന്റെ സാക്ഷി. അധ്വാനം സ്വപ്നങ്ങൾ വിതയ്ക്കുന്നു. വിതക്കാരൻ വിത്തുവിതയ്ക്കുന്നത് ഭാവിയിലേക്കാണ്.

വാൻഗോഗിന്റെ ചിത്രത്തിനുള്ളതുപോലുള്ള യഥാതഥമായ പശ്ചാത്തലം ഇടശ്ശേരിയുടെ വയലിന്റെ ചിത്രകാരൻ എന്ന കവിതയ്ക്കുമുണ്ട്.



Date: 1888; Arles, Bouches-du-Rhône, France
Style: Cloisonnism
Genre: genre painting
Media: oil, canvas
Dimensions: 40 x 33 cm
Location: Armand Hammer Museum of Art and Cultural Centre, Los Angeles, USA

പാടത്തിന്റെ വിശദമായ വർണ്ണനയോടെയാണ് കവിത ആരംഭിക്കുന്നത്.

"കൊന്നപ്പൂവിലെ മഞ്ഞകൾ മഞ്ഞ-
ക്കിളിയുടെ ചുണ്ടിന്നരുണിമ ചേർന്നവ,
മഞ്ജുളമസ്തമനാദിച്ചെരുവിലെ
മഞ്ഞകൾ പെയ്തുകിടക്കുമ്പോലെ,
ചാഞ്ഞുവിളഞ്ഞുകിടക്കുന്ന നെല്ലിനെ"

കവി വർണിക്കുന്നത് പല നിറങ്ങൾ കൊണ്ടാണ്. കൊന്നപ്പൂവിന്റെ മഞ്ഞകളും മഞ്ഞക്കിളിയുടെ ചുണ്ടിന്റെ ചുവപ്പുചേർന്ന മഞ്ഞയും തമ്മിൽ വ്യത്യാസമുണ്ട്. മനോഹരമായ അസ്തമയപർവതച്ചെരുവിൽ വീഴുന്ന സൂര്യരശ്മികൾ സൃഷ്ടിക്കുന്ന മറ്റൊരു മഞ്ഞയും കവി വിവരിക്കുന്നു. ഇങ്ങനെയുള്ള പലമഞ്ഞകൾ നിറപരമായ ഏറ്റക്കുറച്ചിലുകൾ ഉണ്ടാക്കുകയും നെല്ലിന്റെ പലവിതാനങ്ങളെ വർണിക്കുകയും ചെയ്യുന്നു. ചിത്രകലയിൽ ടോണൽ വേരിയേഷൻ (Tonal variation) എന്നുപറയുന്ന രീതിയാണിത്. മഞ്ഞ എന്നത് ഒരുനിറം മാത്രമല്ല. അനേകം മഞ്ഞകളുണ്ട്. ആ വ്യതിയാനങ്ങളെയാണ് ഇത്തിരി ചുവപ്പോടെ (മഞ്ഞക്കിളിയുടെ ചുണ്ടിന്നരുണിമ–മഞ്ഞക്കിളിമഞ്ഞയും കറുപ്പും ചുവപ്പുംചേർന്ന ഒരു കിളിയാണ്) കുറിക്കുന്നത്. അസ്തമയാദ്രിച്ചെരുവിലെ മഞ്ഞ, പച്ചയിൽ സൂര്യരശ്മികൾ പ്രതിഫലിച്ചുതെളിയുന്ന മഞ്ഞയാണുതാനും. ഇങ്ങനെ മഞ്ഞയുടെ വൈവിധ്യങ്ങൾ മറ്റുനിറങ്ങളോട് ചേർന്നിട്ടുകൂടിയാണ് കവിതയിൽ അങ്കനപ്പെടുന്നത്. ഇത് വർണ്ണവൈരുധ്യം (Colour contrast) ഉണ്ടാക്കുന്നുണ്ട്.

വാൻഗോഗിന്റെ ചിത്രത്തിലും നീലയും കറുപ്പും ചുവപ്പും പച്ചയും ഒക്കെ അങ്ങുമിങ്ങുമായി കിടക്കുന്നുണ്ട്. അല്ലാതെ ഒറ്റമഞ്ഞയല്ല ചിത്രമാകെ. എറിച്ചുനിൽക്കുന്നത് അതാണെന്നുമാത്രം. പലപദങ്ങൾ ചേർന്ന്

കാവ്യഭാഷയുണ്ടാകുമ്പോലെ പലനിറങ്ങൾചേർന്ന് ചിത്രഭാഷയുണ്ടാകുന്നു. പദത്തിനു സമാനമായി ചിത്രത്തിൽ വരുന്നത് നിറമാണ്. ഇടശ്ശേരി പാടത്തിന്റെ നടുക്കുകൂടി ഒഴുകുന്ന ഒരു തോടിനെ പരാമർശിക്കുന്നുണ്ട്.

"ഓരത്തെച്ചെറുതോട്ടിലൊലിക്കും
നീരത്തിൻ തെളുതെളിമയൊരുജ്വല-
ഹാരത്തിൻ വടിവാണ്ടു കാഞ്ചന-
ഭൂഷകൾ മൂടിയ മാറിൽപ്പോലെ".

സ്പഷ്ടമായ വരകളുടെ സാന്നിധ്യം ഈ വരികളിൽ തെളിയുന്നുണ്ട്. ചിത്രത്തിലും തിരശ്ചീനമായ വരകൾ രൂപപ്പെടുന്നുണ്ട്. Pure എന്നു മുമ്പ് പറഞ്ഞരീതിയിലൂടാണണിത് സംഭവിക്കുന്നത്. ഇത് ദൂരത്തെ ചിത്രീകരിക്കുന്നു. ഗോതമ്പുപാടങ്ങൾക്കപ്പുറം ആകാശവും സൂര്യനും കാണാകുന്നു. കവിതയിൽ,

"ദൂരെത്താണുകിടക്കും വർത്തുള
നീലിമയോടിട ചേരുന്നേടം
നേരിയ കുങ്കുമരുചിതടവുന്നൂ
ചെന്തീഞൊറുമുളച്ചതുപോലെ"

എന്ന് കവി എഴുതിന്നതിലൂടെ ദൂരമാണ് തെളിയുന്നത്. ഇടശ്ശേരിയുടെ കവിത ഒരു കറുത്ത കർഷകനെ (കർഷകത്തൊഴിലാളി) ചൂണ്ടിക്കാണിക്കുന്നുണ്ട്. 'ഇക്കരി, സുചിരപുരാതനനത്രേ...' എന്നാണ് കവി പറയുന്നത്.

"ഇരുളിൻ കാതലിലുളികൾ നടത്തി-
ച്ചതുരം ചതുരം ചെത്തിമിനുക്കി
ട്ടിരുനയനങ്ങളുഡുക്കളമഴ്ത്തി
മിഴിപ്പിച്ചൊന്നിശ്ശില്പവിശേഷം"

എന്ന് കവി വർണ്ണിക്കുന്നു. പല വർണ്ണങ്ങളുള്ള വസ്ത്രങ്ങളണിഞ്ഞ വിതക്കാരനാണ് വാൻഗോഗിന്റെ ചിത്രത്തിലെ വിതക്കാരൻ. ഇടശ്ശേരിയുടെ കർഷകൻ കറുകറെയുള്ള ആളാണ്. കൃഷിക്കരന്റെ പ്രാകൃതസത്ത (Primitive self) യാണ് ഈ കർഷകത്തൊഴിലാളി (Peasant). അയാൾ വിതയ്ക്കുകയാണ്. മില്ലെയുടെ ചിത്രത്തിലെ വിതക്കാരന്റെയത്ര ചലനാത്മകതയില്ല വാൻഗോഗിന്റെ വിതക്കാരന്. മില്ലെ വിതക്കാരനിലാണ് ശ്രദ്ധ കൊടുത്തത്. അയാളുടെ ചലനത്തിലാണ്. എന്നാൽ അത്തരമൊരു ചിത്രവും വരച്ചിട്ടുണ്ടെങ്കിലും വാൻഗോഗ് എല്ലാവസ്തുക്കളിലേക്കും കണ്ണോടിക്കുന്നു. ഒരു രചന (Composition) എന്ന നിലയിൽ ചിത്രത്തിന് കിട്ടുന്നത് ആകെപ്പാടെ ഒരർഥമാണ്. വിതക്കാരന് ചുറ്റുമുള്ള ലോകവും ധാരാളം

വർണങ്ങളാൽ ചലിക്കുന്നുണ്ട്. സൂര്യൻ,കാക്കകൾ എല്ലാം ചലനത്തെ സൂചിപ്പിക്കുന്നു. അങ്ങുദൂരെ ചില മരങ്ങളെയും വീടിനെയും വാൻഗോഗ് വരയ്ക്കുന്നു. ഒന്നിലധികം തിരശ്ചീനരേഖകളാൽ അനന്തമായ ദൂരത്തെ പരിമിതപ്പെടുത്തുന്നുണ്ട് വാൻഗോഗ്. ബാക്കിഭാഗം ആകാശവും സൂര്യനുമാണ്. ഉദിച്ചുനിൽക്കുന്ന സൂര്യനും പലനിറങ്ങളും കൃഷിക്കാരനും കാക്കകളും നമ്മളിലേക്ക് ചൊരിയുന്ന പ്രസരിപ്പ് ചെറുതല്ല. പിൽക്കാല ചിത്രത്തിലെ മരണസൂചകങ്ങളായ കാക്കകൾ ഇവിടെ ജീവിതസൂചകങ്ങളാകുന്നു. അധ്വാനത്തെക്കുറിച്ചുമാണ് വാൻഗോഗ് വരയ്ക്കുന്നത്. ചിത്രത്തിൽ ഏറ്റവും പ്രധാനമായ ഫിഗർ(Figure) കർഷകനാണ്.ഇത്തരം അധ്വാനിക്കുന്ന മനുഷ്യരെ ഉരുളക്കിഴങ്ങ് കഴിക്കുന്നവർ(Potato eaters) എന്ന ചിത്രത്തിലും കാണാം.

ഇടശ്ശേരിയുടെ കർഷകൻ നമുക്ക് നൽകുന്ന പ്രസരിപ്പും ചെറുതല്ല.കറുപ്പിന്റെ ആഴത്തെ ഇടശ്ശേരി കുറിച്ചിടുന്നു. കറുപ്പ്, മഞ്ഞ, പച്ച എന്നീ നിറങ്ങളെല്ലാം കലരുകയാണ് വയലിന്റെ ചിത്രകാരനിൽ. (അതിസങ്കീർണമായ നിറസങ്കല്പങ്ങൾ ഇടശ്ശേരിക്കവിതകളിൽ കാണാം. അലറിപൂത്ത കാവുകളിൽ/കുരുതിയൂത്തപോലേ(കാവിലെ പാട്ട്), രാവിൻ ഛായകൾ, കാളിന്ദീജലകാളിമ, കാട്ടിൻ പച്ചപ്പും(അമ്പാടിയിലേക്ക് വീണ്ടും), ആനവരുന്നതുപോലെ വരുന്നു. കിഴക്കൻ കാറ്റുകൾ(കാറ്റുംവെളിച്ചവും) പേരാറ്റുനീരായ ചെമ്പിച്ച പൈക്കളെ/ ധാരാളമാട്ടിത്തെളിച്ചുകൊണ്ടങ്ങനെ(കറുത്ത ചെട്ടിച്ചികൾ)എന്നിവ ചില ഉദാഹരണങ്ങൾ മാത്രം)

വയലിന്റെ ചിത്രകാരൻ ആരാണ്? ആദ്യം നമുക്ക് തോന്നുക സൂര്യനാണെന്നാണ്. "ചായക്കോലുകൾ പെരുമാറുന്നൂ/ സായന്തനരുചിരാംശുകദംബം" എന്ന പ്രയോഗത്തിൽനിന്ന് നാമതാണ് മനസിലാക്കുന്നത്. എന്നാൽ പച്ച വിതച്ച കർഷകനാണ് വയലിന്റെ ചിത്രകാരൻ എന്ന കവിതയുടെ അവസാനം നാം മനസിലാക്കുന്നു.

"ഇക്കരി, സുചിരപുരാതനത്രേ,
തന്നിലമർന്ന നിറങ്ങളെടുത്തീ-
സർഗ്ഗതലങ്ങളെ നിർമ്മിക്കുന്നൂ
കാലേ കാലേ കല്പനയാലേ.

ഹരിതമനോഹരമായിട്ടിന്നലെ,
ഇന്നു.സുവർണ്ണസുശോഭിതമായി,-
ട്ടഭിമാനോജ്വലമിമുഖമെന്നും
തനതാം ചിത്രണചാതുര്യത്താൽ"

ഈയൊരു ആധിപത്യം ചിത്രത്തിലെ വിതക്കാരനുമുണ്ട്.അയാളാണ് മരണത്തെ അതിജീവിക്കുന്ന ജീവിതത്തെ വി തയാക്കുന്നത്.

ചിത്രകല ഒരു ദ്വിമാനകല (Two dimensional art) യാണ്.അത് മൂന്നാമത് ഒരു മാനം സൃഷ്ടിക്കുന്നു. കവിത വാക്കിന്റെ കലയാകുന്നു.അതിന് ത്രിമാനസ്വഭാവം ഉണ്ടെന്ന് തോന്നാറുണ്ട്. ഒരു ഉത്തമരചന എന്ന നിലയിലാണ് വിതക്കാരൻ നിലകൊള്ളുന്നത്.അതിൽ അനവധി ഉൾസ്ഥലങ്ങൾ രൂപപ്പെടുന്നു. കവിതയിലും അത്തരം ഉൾസ്ഥലങ്ങളുണ്ട്.അങ്ങനെ കവിതയ്ക്കും ലഭിക്കുന്ന ഒരു മൂന്നാംതലമുണ്ട്.കവിതയ്ക്കുള്ളിലേക്ക് നമുക്ക് നോക്കാൻ കഴിയുന്നത് ഇതുകൊണ്ടാണ്.

ഉപസംഹാരം

ഇടശ്ശേരി ഈ കവിതയ്ക്ക് എഴുതിയ മുൻകുറിപ്പിൽ നിന്നല്ല ഈ ഒരു അന്വേഷണത്തിലേക്ക് തിരിഞ്ഞത്. ചിത്രകലയുടെ ചില രചനാരീതികളെ അദ്ദേഹം മനസ്സിലാക്കിയിരുന്നു എന്ന് ആ മുൻകുറിപ്പിൽനിന്ന് വ്യക്തമാണ്. എത്ര അനായാസമായിട്ടാണ് അറിഞ്ഞോ അറിയാതെയോ അദ്ദേഹം വാൻഗോഗുമായി അടുപ്പം പങ്കിടുന്നത് എന്നത് അത്ഭുതപ്പെടുത്തുന്നതാണ്.

'ഇരുളിൻ കാതലിൽ ഉളികൾ നടത്തുക' എന്ന പ്രയോഗം നിരന്തരം അത്ഭുതപ്പെടുത്താറുണ്ട്. അത്തരം ഒരു പ്രയോഗം കവിതയുടെ വഴിയെ വേറിട്ടതാക്കുന്നു. ഒരർഥത്തിൽ എല്ലാ ചിത്രങ്ങളിലും അമൂർത്തതയുണ്ടെങ്കിലും വാക്കിന്റെകല പോകുന്ന അമൂർത്തതയുടെദൂരംവരെ ചിത്രകല പോകുന്നില്ലഎന്ന് തോന്നുന്നു. അമൂർത്തചിത്രംപോലും ഒരർഥത്തിൽ മൂർത്തമാണ്. കാണാവുന്ന ഒന്നാണത്.എന്നാൽ വാഗ്രൂപമായ (ശബ്ദരൂപം എന്നുപറഞ്ഞാൽ കൂടുതൽ വ്യക്തമാകുമെന്ന് തോന്നുന്നു)കവിത ചിന്തയിലോ വികാരത്തിലോ ആണ് കുടികൊള്ളുന്നത്. കാഴ്ചയിലല്ല. ചിത്രം കാഴ്ചയില്ലാതെ ഇല്ലതന്നെ. ഇരുളിൻ കാതലിൽ ഉളികൾ നടത്തുക എന്നതിൽ ഒരു ചിത്രം രൂപമെടുക്കാൻ ശ്രമിക്കുന്നുണ്ട്. പക്ഷേ അതൊരിക്കലും വായനക്കാരന്റെ ഭാവനയിൽ മുഴുമിക്കപ്പെടുകയില്ല. ആ ശ്രമം മാത്രം എപ്പോഴും ഉണ്ടാകും.

മഞ്ഞയുടെ പ്രയോഗത്തിലാണ് രണ്ട് കൃതികളും വലിയ ഒരു സമാനത പുലർത്തുന്നത്. രണ്ടിലും വർണ്ണപ്രയോഗം സങ്കീർണ്ണവുമാണ്. രണ്ട് കൃതികളിലും പ്രധാന ബിംബം കർഷകന്റേതാണ്. പ്രകൃതിസാന്നിധ്യം രണ്ടിലും ഉണ്ട്. കവിതയിൽ പച്ച മഞ്ഞയായി മാറുന്നത് വിവരിക്കുന്നു. വിതയും കൊയ്ത്തും തമ്മിലുള്ള ബന്ധം അതിലുണ്ട്. ചിത്രത്തിൽ വിളഞ്ഞ

പാടവും വിതയും തമ്മിലാണ് ബന്ധം. ഗോതമ്പും നെല്ലും രണ്ട് സംസ്കാരങ്ങളെ സൂചിപ്പിക്കുന്നു.

ചിത്രം മതാത്മകമായിരിക്കുമ്പോൾ കവിതയിൽ അതൊട്ടുമില്ല എന്ന് കാണാം. അതുപോലെ ചിത്രം വൈകാരികമായിരിക്കുമ്പോൾ കവിതയിൽ വൈകാരികത പരിമിതമാണ്. ചിത്രം അത് സൃഷ്ടിക്കുന്നത് തേപ്പുകൾ കൊണ്ടാണ്. മഞ്ഞ വ്യക്തിപരം കൂടിയാണ് വാൻഗോഗിന്. എന്നാൽ ഇടശ്ശേരിക്ക് മഞ്ഞ വസ്തുനിഷ്ഠമാണ്. ജനനമരണങ്ങൾ ചിത്രത്തിലെ ഒരു പ്രധാനപ്രമേയം കൂടിയാണ്. അതിനാൽ ചിത്രം ദാർശനികമാണ്. കവിത ജനനമരണങ്ങളെപ്പറ്റി വ്യാകുലപ്പെടുന്നില്ല.അതിനാൽ ദാർശനികമല്ല. വേണമെങ്കിൽ പ്രകൃത്യാത്മീയത ദർശിക്കാം എന്നുമാത്രം. അത് രണ്ടിലും ഉണ്ടുതാനും.

